(സി) പുതുക്കിയ എസ്റ്റിമേറനുസരിച്ച് 16,75,000 രൂപ കൂടി കോഴിക്കോട് ജില്ലാ സ്പോർട്ട്സ് കൗൺസിലിനു നൽകേണ്ടതുണ്ട്.

(ഡി) കഴിയുന്നതും വേഗം തുക കൊടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

സ്റ്റേഡിയം പണിയുന്നതിന് ഗ്രാന്റ്

52 [86] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) 1983-84, 1984-85 എന്നീ വർഷങ്ങളിൽ സ്റ്റേഡിയം പണിയുന്നതിന് സ്പോർട്ട്സ് കൗൺസിൽ ഗ്രാന്റു നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിൽ;

(സി) ഏതെല്ലാം സംഘടനകൾക്ക്;

(ഡി) എത്ര തുക വീതം?

ഉത്തരം

(എ) ഉണ്ട്.

(ബി, സി, ഡി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

സാമൂഹ്യക്ഷേമ ഉദ്യോഗസ്ഥന്മാരുടെ നിവേദനം

53 [87] ശ്രീ. കെ. സി. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ സീനിയോറിറ്റിയടക്കം ചില ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കേരള സ്റ്റേറ്റ് സോഷ്യൽ വെൽഫെയർ ആഫീസേഴ്സ് അസോസിയേഷന്റെ ഒരു നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഈ നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിവേദനത്തിലെ ആവശ്യങ്ങൾ പരിശോധിക്കുന്നതിനുവേണ്ടി സാമൂഹ്യക്ഷേമ ഡയറക്ടറുടെ വിശദമായ റിപ്പോർട്ടാവശ്യപ്പെട്ടിരിക്കുകയാണ്.

ഐ. സി. ഡി. എസ്. പ്രോജക്ടുകൾ

54 [89] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റിൽ ഇപ്പോൾ ആകെ എത്ര ഐ. സി. ഡി. എസ്. പ്രോജക്ടുകൾ അനുവദിക്കപ്പെട്ടിട്ടുണ്ട്;

(ബി) ഈ പ്രോജക്ടുകളിൽ ആകെ എത്ര അംഗനവാടി വർക്കർമാർ പ്രവർത്തിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ?

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly